പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4489

21.10.2011-ൽ
മറുപടിയ്ക്ക്

**'ഭൂമി ഉടമസ്ഥർ അറിയാതെ ഐ.ആർ.ഇ. കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയതിനെതിരെ നടപടി'**

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| എ) കരുനാഗപ്പള്ളി മണ്ഡലത്തിൽ ആലപ്പാട്ട് ഐണിവേലി കുളങ്ങര വില്ലേജുകളിലെ 180 ഹെക്ടർ ഭൂമി ഉടമസ്ഥർ അറിയാതെ ഐ.ആർ.ഇ. കമ്പനിക്ക് പാട്ടത്തിന് നൽകാനുണ്ടായ സാഹചര്യം എന്താണ്? | എ) കേന്ദ്ര സർക്കാർ സ്ഥാപനമായ AMD-യുടെ (Atomic Mineral Directorate for Exploration & Research, Hyderabad) സർവ്വേ പ്രകാരം ആലപ്പാട്, പന്മന, അയണിവേലിക്കുളങ്ങര പ്രദേശങ്ങളിൽ ധാതു മണൽ ശേഖരം കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 6/10/1995-ൽ IRE മൈനിംഗ് ലീസിനായി അപേക്ഷ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 8/6/2007-ലെ സ.ഉ. (സാധാ) നം.746/07/ID നമ്പർ ഉത്തരവ് പ്രകാരം കേരള സർക്കാർ (വ്യവസായ വകുപ്പ്) IRE കമ്പനിക്ക് ടി വില്ലേജിൽപ്പെട്ട 180.00 ഹെക്ടർ സ്ഥലം 20 വർഷത്തേയ്ക്ക് മൈനിംഗ് ലീസ് അനുവദിച്ചു കൊണ്ട് ഉത്തരവ് നൽകി. 7/6/2011-ൽ കേരള സർക്കാരും IRE യും ചേർന്ന് മൈനിംഗ് ലീസ് ആധാരം execute ചെയ്ത് 10/8/2011-ൽ കരുനാഗപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തു. ഇതു മൂലം ഭൂമിയുടെ ഉടമസ്ഥാവകാശം IRE യ്ക്ക് ലഭിയ്ക്കുന്നില്ല എന്നും മൈനിംഗിനുള്ള അനുമതി മാത്രമാണ് ലഭിക്കുന്നതെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. |
| ബി) ഉടമസ്ഥർക്ക് ഭൂമി തിരികെ നൽകുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാമോ? | ബി) ഭൂമി കൈമാറ്റം നടന്നിട്ടില്ലാത്തതിനാൽ ഇത് ബാധകമല്ല എന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. |
| സി) ഖനനം ആരംഭിച്ചിട്ടില്ലെങ്കിൽ മതിയായ നഷ്ട പരിഹാരം ഭൂ ഉടമകൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ? | സി) ഭൂമി ഏറ്റെടുക്കുന്ന വേളയിൽ മതിയായ നഷ്ട പരിഹാരം ഭൂ ഉടമകൾക്ക് നൽകുന്നതാണ് എന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ